LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

296 (1330) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എൽ.എ.സി., എ.ഡി.എസ് പ്രവൃത്തികളൊഴികെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; റോഡ്സ്, ബ്രിഡ്ജസ്, ബിൽഡിംഗ്സ് വിഭാഗം തിരിച്ച് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികളുടെയും അടങ്കൽ തുകയെത്ര ; ഇതുവരെ എത്ര തുക വീതം ചെലവഴിച്ചു ; ഓരോ പ്രവൃത്തിയും എന്നത്തേക്കാണ് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) അമ്പലപ്പുഴ മണ്ഡലത്തിൽ എൽ.എ.സി., എ.ഡി.എസ്. പ്രവൃത്തികളൊഴികെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക, ഇതുവരെ എത്ര തുക വീതം ചെലവഴിച്ചു എന്നും, ഓരോ പ്രവൃത്തിയും എന്നത്തേക്കാണ് പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധം 1ഉം 2 ഉം 3ഉം ആയി ചേർത്തിരിക്കുന്നു.*

കോഴിക്കോട് മാവൂർ റോഡിലെ ഓടകളുടെ ശുചീകരണം

297 (1331) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ റോഡ് ജംങ്ഷൻ മുതൽ അരയടത്ത് പാലം വരെ ഇരുവശങ്ങളിലുമുള്ള ഓട, മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി അവസാനമായി വൃത്തിയാക്കിയത് ഏതു വർഷത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്ന ഈ ഓടകൾ വർഷംതോറും വൃത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.